പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1438 — 11-08-2017 ൽ മറുപടിക്ക്

**ചേലക്കര മണ്ഡലത്തിലെ മണ്ണ് സംരക്ഷണ പ്രവൃത്തികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.യു.ആർ.പ്രദീപ് | ശ്രീ.വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) |
| എ) മണ്ണ് സംരക്ഷണ വകുപ്പിന്റെ കീഴിൽ ചേലക്കര നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നത്; അതിന്റെ വിശദാംശം വ്യക്തമാക്കുമോ; | (എ) മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ചേലക്കര നിയോജക മണ്ഡലത്തിലെ പഴയന്നൂർ ബ്ലോക്കിലെ പഴയന്നൂർ പഞ്ചായത്തിൽ ഉൾപ്പെട്ട പൊറ്റ നീർത്തടത്തിലെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 19-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 165 ലക്ഷം രൂപ അടങ്കലായുള്ള പ്രസ്തുത പദ്ധതിയിൽ വൃക്ഷതൈ നടീൽ, ജൈവവേലി, മൺബണ്ട്, കാർഷിക വനവൽക്കരണം, പുല്ല് വച്ച്പിടിപ്പിക്കൽ, മഴക്കുഴി നിർമ്മാണം, ജലസംഭരണികൾ, കിണർ റീചാർജ് യൂണിറ്റ്, സങ്കൺ പോണ്ട്, പാർശ്വഭിത്തി സംരക്ഷണം, വിവിധ ചെക്കുഡാമുകൾ, ക്രോസ്സ് ഓവർ സ്ലാബ്, കർഷകർക്കുള്ള പരിശീലനം എന്നീ പ്രവൃത്തികൾ 150.91 ലക്ഷം രൂപ ചെലവഴിച്ച് നാളിതുവരെ നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 22-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി പാഞ്ഞാൾ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട 125 ലക്ഷം രൂപ അടങ്കലുള്ള കുന്നാംതോട് നീർത്തട പദ്ധതി, തിരുവില്വാമല ഗ്രാമ പഞ്ചായത്തിലുൾപ്പെട്ട 218.50 ലക്ഷം രൂപ അടങ്കലുള്ള പകവത്ത് നീർത്തട പദ്ധതി എന്നിവയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. |

| | | |
|---|---|---|
| ബി) വലിയതോതിൽ കാർഷിക പ്രാധാന്യമുള്ള പ്രദേശമായതുകൊണ്ടും, ഇവിടെ അടുത്ത കാലങ്ങളിലായി കടുത്ത വരൾച്ച നേരിട്ടതും കണക്കിലെടുത്ത് 2017-18 സാമ്പത്തിക വർഷത്തിൽ മണ്ണ് സംരക്ഷണത്തിനും ജലസംരക്ഷണത്തിനുമായി കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) യും (സി) യും | 2017-18 സാമ്പത്തിക വർഷം ചേലക്കര നിയോജക മണ്ഡലത്തിൽ മണ്ണ് ജല സംരക്ഷണത്തിനായി കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു. |
| സി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ